# Malayala Manorama

## 19 August 2018

## Angamaly, Water Recedes

# അങ്കമാലി മേഖലയിൽ വെള്ളം ഇറങ്ങിത്തുടങ്ങി

അങ്കമാലി • മേഖലയിൽ പ്രളയത്തിൽ പൊങ്ങിയ വെള്ളം ഇറങ്ങിത്തുടങ്ങി. ദേശീയപാതയിലെയും എംസി റോഡിലെയും ഗതാഗതം പുനഃസ്ഥാപിച്ചു. ഏഴാറ്റുമുഖം ഭാഗത്തു വെള്ളം ഇറങ്ങി. അവിടെ പതിനഞ്ചോളം വീടുകൾ പൂർണമായി തകർന്നു. മുന്നൂർപ്പിള്ളിയിൽ അഞ്ചു വീടുകൾ ഭാഗികമായി തകർന്നു. ഞാലൂക്കര, മരങ്ങാടം, കരയാംപറമ്പ് എന്നിവിടങ്ങളിൽ വെള്ളം നാലടിയോളം താഴ്ന്നിട്ടുണ്ട്. ഇവിടെ വീടുകളിൽ നിന്നു വെള്ളം ഇറങ്ങിയിട്ടില്ല. ദേശീയപാതയിൽ കറുകുറ്റിയിൽ നിന്നും കോതകുളങ്ങരയിൽ നിന്നും വെള്ളം ഇറങ്ങി.

അങ്കമാലിയിൽനിന്നു മഞ്ഞപ്രയിലേക്കുള്ള ഗതാഗതം പൂർണമായി പുനഃസ്ഥാപിക്കാനായില്ല. മുല്ലശേരിപ്പാലത്തിലൂടെ വൈകിട്ടോടെ ചെറുവാഹനങ്ങൾ ഉൾപ്പെടെ കടന്നുപോയി. യൂദാപുരം പള്ളിക്കും വിഷ്ണുക്ഷേത്രം ജംക്ഷനും ഇടയിലുള്ള ഭാഗത്തു നിന്നു വെള്ളം ഇറങ്ങിയില്ല. ഇവിടെ ട്യൂബുകൾ കൂട്ടിക്കെട്ടിയാണ് അങ്ങോട്ടും ഇങ്ങോട്ടും കടക്കുന്നത്. തുറവൂരിൽനിന്നു മഞ്ഞപ്രയിലേക്കുള്ള ഗതാഗതം തടസ്സപ്പെട്ടു. കരിങ്ങാലിക്കാട് പാടശേഖരം മുങ്ങി റോഡിൽ പൊങ്ങിയ വെള്ളം ഇറങ്ങിയിട്ടില്ല.

ദേശീയപാതയിലൂടെ ഇന്നലെ അഞ്ചു മണിയോടെ വലിയ വാഹനങ്ങൾ കടത്തിവിട്ടു. ചാലക്കുടിയിൽനിന്ന് ഒരു മണിയോടെ കടത്തിവിട്ട ചരക്കുലോറികൾ കരയാംപറമ്പിൽ പിടിച്ചിട്ട ശേഷം അഞ്ചു മണിയോടെയാണ് ആലുവ ഭാഗത്തേക്കു കടത്തിവിട്ടത്. വാഹനങ്ങളുടെ വൻനിരയാണ് ഉണ്ടായത്. അങ്കമാലിയിൽ നിന്ന് അഞ്ചു മണിയോടെ കെഎസ്ആർടിസി ബസുകൾ സർവീസുകൾ ആരംഭിച്ചു. എംസി റോഡിലൂടെ സർവീസ് തുടങ്ങിയില്ല. എംസി റോഡിൽ വേങ്ങൂർ ഡബിൾപാലത്തിന്റെ അനുബന്ധ റോഡിന്റെ ഒരു ഭാഗം ഇളകിപ്പോയി. റോഡ് പലയിടത്തും വിണ്ടുകീറി പാളികളായി ഇളകിപ്പോയി. ഇത് ഇരുവശങ്ങളിലും ആയതിനാൽ വാഹനങ്ങൾക്കു പോകുന്നതിനു തടസ്സമില്ല. പാലത്തിനു പ്രശ്നങ്ങളില്ല. അങ്കമാലി-മഞ്ഞപ്ര റോഡിൽ മുല്ലശേരി പാലത്തിനു പ്രശ്നങ്ങളില്ല. എന്നാൽ, അനുബന്ധ റോഡിന്റെ പലഭാഗങ്ങളും തകർന്നു. വൻകുഴികൾ വീണു. യൂദാപുരം പള്ളിക്കു സമീപം റോഡ് ഒരു ഭാഗം മുഴുവനായി ഇടിഞ്ഞുതാഴ്ന്നു.

മഞ്ഞപ്ര-അയ്യമ്പുഴ റൂട്ടിൽ കോതായി ഭാഗത്തു മൂന്നുമണിയോടെ വാഹനങ്ങൾ കടത്തിവിട്ടു. കടുകുളങ്ങര ഭാഗത്ത് റോഡ് പലയിടങ്ങളിലും ഇടിഞ്ഞുകിടക്കുകയാണ്. കടുകുളങ്ങരയിലേക്കു വലിയ ഭാരവാഹനങ്ങൾ വന്നതിനെ നാട്ടുകാർ എതിർത്തു.

### യാത്ര ഒഴിവാക്കണം

ആലുവ • പറവൂർ-വടക്കേക്കര വഴി കൊടുങ്ങല്ലൂർ ഭാഗത്തേക്കുള്ള യാത്ര രണ്ടു ദിവസത്തേക്ക് ഒഴിവാക്കണമെന്നു റൂറൽ എസ്പി അറിയിച്ചു.